# അദ്ധ്യായം - 9



*ഷിർദ്ദി വിട്ടുപോവുമ്പോൾ ബാബയുടെ നിർദ്ദേശം സ്വീക രിച്ചും നിഷേധിച്ചും പ്രവർത്തിച്ചാലത്തെ അനുഭവങ്ങൾ - ചില ഉദാഹരണങ്ങൾ - സന്യാസവും അതിന്റെ ആവശ്യവും - ഭക്ത ന്മാരുടെ (താർക്കഡ്) കുടുംബത്തിന്റെ അനുഭവങ്ങൾ - ബാബ സുഖമായി ഭക്ഷിച്ചു - എങ്ങിനെ ?*

## ഷിർദ്ദി തീർത്ഥയാത്രയുടെ പ്രത്യേകത

ഷിർദ്ദി തീർത്ഥയാത്രയുടെ ഒരു പ്രത്യേകത ഇതാണ്. ആർക്കും ബാബയുടെ അനുമതി കൂടാതെ ഷിർദ്ദി വിട്ടുകൂടാ. അങ്ങിനെ ചെയ്താൽ അത്യധികം ആപത്തുകൾ സംഭവിക്കും. ബാബ ഷിർദ്ദിയിൽ നിന്ന് പൊയ്ക്കൊള്ളാൻ പറഞ്ഞാൽ പിന്നെ അവിടെ നിൽക്കാനും കഴിയില്ല. ബാബയുടെ യാത്രാനുമതിക്കു വേണ്ടി സമീപിക്കുന്നവർക്ക് ബാബ ചില സൂചനകൾ കൊടു ക്കും. ഈ സൂചനകൾ അറിഞ്ഞ് പ്രവൃത്തിക്കണം.അപ്രകാരം ചെയ്യാതിരിക്കുകയോ അതിൽനിന്ന് വ്യതിചലിക്കുകയോ ചെയ്താൽഅപകടങ്ങൾ തീർച്ചയായും സംഭവിക്കുന്നതും അത് നിസ്സംശയവുമാണ്. അതിന്റെ ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

## താത്ത്യാക്കോട്ടെ പാട്ടേൽ

താത്ത്യാക്കോട്ടെ ഒരിക്കൽ കോപ്പർഗാവോണിലേക്ക് ടോങ്ക യിൽ പോവുകയായിരുന്നു. അയാൾ ധൃതിയിൽ മസ്ജിദിൽ വന്ന് ബാബയെ നമസ്കരിച്ചു കോപ്പർഗാവോൻ ബസാറിലേക്ക് പോവുകയാണെന്ന് പറഞ്ഞു. ബാബ പറഞ്ഞു തിരക്കുകൂട്ടണ്ട, കുറച്ചു നില്ക്കു, അങ്ങാടിക്കാര്യം പോകട്ടെ. ഗ്രാമത്തിനു പുറത്ത് പോവരുത് എന്ന്. എങ്കിലും അയാളുടെ തിരക്കുകണ്ട് ബാബ, ശ്യാമയെക്കൂടെ കൊണ്ടുപോവാൻ പറഞ്ഞു.അതും ചെയ്യാതെ താത്ത്യാക്കോട്ടെ ടോങ്കയുമായി സ്ഥലം വിട്ടു. രണ്ടു കുതിരകളി ലൊന്നിന് 300 ക. കൊടുത്തു വാങ്ങിയത്. അത് തീരെ നിയന്ത്ര ണമില്ലാതെ പെരുമാറുകയും ലക്കില്ലാതെ ഓടുകയും ചെയ്തു. അതിനാൽ കാലുളുക്കി താഴെ വീണു. താത്ത്യാക്ക് ചില്ലറ പരി ക്കുകൾ പറ്റി, സായിമാതാവിന്റെ നിർദ്ദേശം ഓർമ്മവന്നു. വേറൊ രിക്കൽ കോൽഹാർ ഗ്രാമത്തിലേക്കു പോവുമ്പോൾ, ബാബയുടെ നിർദ്ദേശം അവഗണിച്ചതിനാൽ, ഇതുമാതിരി ഒരപകടം അന്നും സംഭവിച്ചു.

## യൂറോപ്യൻ മാന്യൻ

ബോംബെയിൽനിന്നും നാനാസാഹേബ് ചാന്ദോർ ക്കറുടെ ഒരു കത്തുമായി ചില ഉദ്ദേശങ്ങളോടെ ഒരു യൂറോപ്യൻ മാന്യൻ ഒരിക്കൽ ഷിർദ്ദിയിൽ വന്നു. അയാളെ സുഖമായി ഒരു ടെൻടിൽ താമസിപ്പിച്ചു. അയാൾക്ക് ബാബയെ മുട്ടുകുത്തി വണങ്ങി കൈക്കു ചുംബിക്കണമെന്നുണ്ടായിരുന്നു. അതിന്നയാൾ മൂന്നു തവണ പരിശ്രമിച്ചതിൽ ബാബ തടസ്സം ചെയ്യുകയും മസ്ജി ദിൽ കയറാൻ സമ്മതിക്കാതിരിക്കയുമാണുണ്ടായത്. സ്വീകരണം തൃപ്തിയാവാതെ അയാൾ ഉടനെ ഷിർദ്ദി വിടാൻ തീരുമാനിച്ച് യാത്ര ചോദിക്കാൻ വന്നു. ബാബ അയാളോട് പിറ്റേന്ന്

പോയാൽമതി എന്നും തിരക്കു കൂട്ടേണ്ട എന്നും പറഞ്ഞു. ജന ങ്ങളും ബാബയുടെ നിർദ്ദേശം സ്വീകരിക്കാനാവശ്യപ്പെട്ടു. ഇതൊന്നും വകവെക്കാതെ അയാൾ കുതിരവണ്ടി വിളിച്ച് ഷിർദ്ദി വിട്ടു. ആദ്യം കുതിരകൾ വേണ്ടപോലെ പോയെങ്കിലും സാവുൾ കിണർ എന്ന സ്ഥലം കഴിഞ്ഞപ്പോൾ കുതിര ഒരു സൈക്കിൾ കണ്ടു പേടിച്ച് വിരണ്ടോടാൻ തുടങ്ങി. വണ്ടി മറിഞ്ഞു. സായ്പ് നിലത്തുവീണ് ഏതാനും വാര വലിച്ചിഴക്കപ്പെട്ടു. അയാളെ രക്ഷ പ്പെടുത്തി എങ്കിലും കോർപ്പർഗാവോൻ ആസ്പത്രിയിൽ കുറെ കിടക്കേണ്ടിവന്നു. അത്തരം അനുഭവങ്ങൾ വളരെയുള്ളതു കൊണ്ട് ബാബയുടെ നിർദ്ദേശം തെറ്റി നടക്കുന്നത് അപകടരമാ ണെന്ന് എല്ലാവർക്കും ബോദ്ധ്യമുള്ള കാര്യമാണ്.

## സന്യാസത്തിന്റെ ആവശ്യകത

നമുക്ക് സന്യാസത്തെപ്പറ്റി ചിന്തിക്കാം. ചിലർ ചോദിക്കും ബാബ ഇത്ര വലിയ മഹാനും ദൈവവുമാണെങ്കിൽ എന്തിനാണ് പിച്ച തെണ്ടുന്നതെന്ന്. ഇതിന് രണ്ടുവിധത്തിൽ ഉത്തരം പറയാ വുന്നതാണ്. 1. ആരാണ് ഭിക്ഷ എടുത്ത് ജീവിക്കാൻ അർഹത യുള്ള ആൾ? ശാസ്ത്രങ്ങൾ പറയുന്നു. മൂന്നു കാര്യങ്ങളിൽ ആശ നശിച്ചവർ സന്യാസം സ്വീകരിച്ച് ഭിക്ഷ എടുത്ത് ജീവിതം നയി ക്കാൻ അർഹരാണെന്ന്. അവ 1) സന്താനം 2) സമ്പത്ത് 3) കീർത്തി - ഇവയാണ്. അവർക്ക് വീടില്ല. ഭക്ഷണം പാകംചെയ്യാ നുള്ള ഏർപ്പാടൊന്നുമില്ല. അവരെ ഊട്ടുന്ന ചുമതല ഗൃഹസ്ഥ ന്മാർക്കാണ്. സായിബാബ ഗൃഹസ്ഥാശ്രമിയോ വാനപ്രസ്ഥാശ്ര മിയോ അല്ല. സായിബാബ നിത്യബ്രഹ്മചാരിയായ ഒരു സന്യാ സിയാണ് ബാല്യം മുതൽക്കുതന്നെ. ബാബയുടെ വിശ്വാസം ലോകം വീടാണെന്നും താൻ വാസുദേവനും, ആലംബവും ബ്രഹ്മ വുമാണെന്നുമാണ്. അപ്പോൾ ഭിക്ഷയെടുത്ത് ജീവിക്കാൻ പരി

പൂർണ്ണ അവകാശമുണ്ട്. 2) പഞ്ചസൂനങ്ങളും പരിഹാരവും ചിന്തിക്കേണ്ടതുണ്ട്. ഗൃഹസ്ഥാശ്രമികൾക്ക് അഞ്ചു കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. 1. കംഡണി - പൊടിക്കൽ 2. പേഷണി - അരക്കൽ, 3. ഉദംകുംഭി - പാത്രം കഴുകൽ. 4. മാർജ്ജനി - അടിച്ചു വൃത്തിയാക്കൽ, 5. ചുള്ളി - അടുപ്പു തീക്കൂട്ടൽ. ഈ പ്രവർത്തികളിൽ അനവധി ചെറുപ്രാണികൾ നശിച്ചു പോകുന്നതിനാൽ പാപങ്ങൾ സംഭവിക്കുന്നു. ഈ പാപം തീരാൻ ശാസ്ത്രവിധിപ്രകാരം അഞ്ചു പ്രതിവിധികളുണ്ട്. 1. ബ്രഹ്മയജ്ഞം, 2. വേദാദ്ധ്യയനം 3. പിതൃയജ്ഞം 4. ദേവയജ്ഞം. 5. ഭൂതയജ്ഞം ആറാമതൊന്നുകൂടിയുള്ളത് മനുഷ്യ-അതിഥി-യജ്ഞം. അതായത് മനുഷ്യർക്കും ക്ഷണിക്കാതെ വന്നവർക്കും ഭക്ഷണം കൊടുക്കൽ. ഈ യജ്ഞങ്ങൾ വേണ്ടപോലെ ചെയ്താൽ മനശുദ്ധി വന്ന് ആത്മജ്ഞാനം കൈവരുത്താം. ബാബ വീടുവീടാന്തരം പോയി വന്ന് ആ ഗൃഹസ്ഥന്മാരെ അവരുടെ ചുമതലയെപറ്റി ഓർമ്മിപ്പിച്ചു. അങ്ങിനെ ബാബയിൽ നിന്നും ഈ പാഠം മനസ്സിലാക്കാൻ കഴിഞ്ഞവർ ഭാഗ്യവാന്മാരാണ്.

**ഭക്തന്റെ അനുഭവം**

ഇനി രസകരമായ ഒരു വിഷയത്തിലേക്കു കടക്കാം. ഭഗവാൻ കൃഷ്ണൻ ഭഗവത്ഗീത 9-ാം അദ്ധ്യായം 26-ാം ശ്ലോകത്തിൽ പറഞ്ഞു യാതൊരുവൻ ശുദ്ധമനസ്സോടുകൂടി എനിക്ക് ഒരിലയോ, പൂവോ, പഴമോ, വെള്ളമോ തരുന്നുവോ, ആ നൈവേദ്യത്തെ ഞാൻ സ്വീകരിക്കുന്നു. സായിബാബയുടെ കാര്യത്തിൽ ആരെങ്കിലും എന്തെങ്കലും അവിടെ കൊടുക്കാൻ നിശ്ചയിച്ചത് മറന്നുപോയാൽ, ബാബ ഓർമ്മിപ്പിച്ച് അതുവാങ്ങി ഭക്തന്റെ കടം തീർക്കും. ചില ഉദാഹരണങ്ങൾ പറയാം.

## താർക്കാഡ് കുടുംബം

രാമചന്ദ്ര ആത്മാറാം എന്ന ബാബാസാഹെബ് താർക്കാഡ് മുമ്പ് പ്രാർത്ഥനാസമാജക്കാരനായിരുന്നെങ്കിലും ബാബയുടെ വലിയ ഭക്തനായിരുന്നു. അയാളുടെ ഭാര്യയും മകനും ബാബയെ അയാളിലും ഉപരി ആദരിച്ചു. ഒരിക്കൽ മകനും അമ്മയും മെയ് വെക്കേഷനിൽ പോവാൻ മടിച്ചു. കാരണം ബാബാ പൂജ മുട ങ്ങിപ്പോയാലോ, അച്ഛൻ പ്രാർത്ഥനാ സമാജക്കാരനായതിനാൽ ബാബയുടെ പടം പൂജിക്കുന്നതിൽ വിശ്വസിക്കുന്നില്ല. പക്ഷെ അച്ഛൻ മകൻ ചെയ്യുമ്പോലെതന്നെ പൂജിച്ചോളാം എന്നു ഉറപ്പു കൊടുത്തതിനാൽ അമ്മയും മകനും വെള്ളിയാഴ്ച രാത്രി ഷിർദ്ദിക്കു പോയി.

അടുത്ത ദിവസം ശനിയാഴ്ച താർക്കാഡ് രാവിലെ എഴു ന്നേറ്റ് കുളിച്ച് ബാബയുടെ ഫോട്ടോ നമസ്കരിച്ച് ഇങ്ങനെ പ്രാർത്ഥിച്ചു. ബാബ, ഞാൻ പൂജ ചെയ്യാൻ പോവുകയാണ്. മകൻ ചെയ്യുന്നപോലെയൊക്കെ ഞാൻ ചെയ്യാം. പക്ഷെ അത് വെറും ഒരു ഡ്രിൽ ആയിത്തീരരുതെ. എന്ന്. ഇതും പറഞ്ഞ് പൂജന ടത്തി പഞ്ചസാര നൈവേദ്യവും ചെയ്തു. ഭക്ഷണസമയത്ത് പ ഞ്ചസാര പ്രസാദമായി കൊടുക്കുകയും ചെയ്തു.

അന്നു വൈകുന്നേരവും അടുത്ത ദിവസവും കാര്യങ്ങൾ മുറക്കു നടന്നു. ഇതുവരെ പൂജിക്കാത്ത താർക്കാഡിന്ന് മകനു കൊടുത്ത വാഗ്ദത്ത പ്രകാരം എല്ലാം നടക്കുന്നല്ലോ എന്ന സംതൃപ്തിയുമായി, അടുത്ത ചൊവ്വാഴ്ച രാവിലെ പൂജ ചെയ്ത് പ്രവൃത്തിക്കുപോയി ഉച്ചഭക്ഷണസമയത്ത് നോക്കുമ്പോൾ പ്രസാ ദമില്ല. വേലക്കാരനോട് ചോദിച്ചപ്പോൾ അന്ന് നിവേദ്യം നടന്നി ല്ലെന്നും താനത് തീരെ മറന്നെന്നും മനസ്സിലായി. ഉടനെ ബാബ യുടെ ഫോട്ടോ നമസ്കരിച്ച ക്ഷമ യാചിക്കുകയും, ഇതൊരു

ഡ്രിൽ ആക്കി മാറ്ററുതെന്ന് പ്രാർത്ഥിച്ചത് വെറുതെയായല്ലോ എന്ന് പരിഭവിക്കുകയും ചെയ്തു. പിന്നെ മകന് ഈ വിവരം വെച്ച് കത്തെഴുതുകയും ബാബയോട് പറഞ്ഞ് ക്ഷമ ചോദിക്കാൻ ആവശ്യപ്പെടുകയും ചെയ്തു.

ഇത് ബാന്ദ്രയിൽ ചൊവ്വാഴ്ച ഉച്ചക്കാണ് നടന്നത്. അതേ സമയത്ത് മദ്ധ്യാഹന ആരതി തുടങ്ങാറായപ്പോൾ ബാബ താർക്കാഡിന്റെ ഭാര്യയോട് പറഞ്ഞു. അമ്മെ, ഞാൻ ബാന്ദ്രയിൽ നിങ്ങളുടെ വീട്ടിൽ പോയിരുന്നു. എന്തെങ്കിലും തിന്നാൻ കിട്ടാനാണ് പോയത്. ഞാൻ വാതിൽപൂട്ടി കണ്ടു. ഞാൻ ഒരുവിധം അകത്തു കടന്ന് നോക്കിയപ്പോൾ സഹോദരൻ എനിക്കൊന്നും തിന്നാൻ വെച്ചതായി കണ്ടില്ല. എന്നിട്ട് വിശപ്പ് മാറാതെ ഞാൻ മടങ്ങി അവർക്ക് കാര്യം മനസ്സിലായില്ലെങ്കിലും അടുത്തുണ്ടായിരുന്ന മകനു കാര്യം മനസ്സിലായി. എന്തൊ ബാന്ദ്രയിൽ പൂജക്ക് തകരാറുണ്ടായിരിക്കും. അതുകൊണ്ട് വീട്ടിൽ പോവാൻ അനുവാദം ചോദിച്ചു ബാബ അവിടെ വെച്ചുതന്നെ പൂജിച്ചാൽമതി എന്നു പറഞ്ഞു. ഉടനെ മകൻ ഷിർദ്ദിയിൽ സംഭവിച്ചതെല്ലാംവച്ച് എഴുതുകയും പൂജയിൽ പ്രത്യേകം ശ്രദ്ധിക്കാൻ ഓർമ്മപ്പെടുത്തുകയും ചെയ്തു. കത്തുകൾ വഴിക്ക് ക്രോസ്സ് ചെയ്ത് രണ്ട് സ്ഥലത്തും അടുത്ത ദിവസം കൊടുക്കപ്പെട്ടു. ഇത് എത്ര വിസ്മയാവഹമാണ്.

## താർക്കാഡിന്റെ ഭാര്യ

നമുക്ക് താർക്കാഡിന്റെ ഭാര്യയുടെ കാര്യംതന്നെ എടുക്കാം. അവർ മൂന്ന് നൈവേദ്യങ്ങൾ കൊടുക്കും. 1. ഭരീത് - വറുത്ത വഴുതനങ്ങ തൈരും കുരുമുളകുപൊടിയും ചേർത്തത്. 2. കാചര്യ - വഴുതിനങ്ങ വട്ടത്തിൽമുറിച്ച് നെയ്യിൽ വറുത്തത്. 3. പേഢ - മധുരപലഹാരം. ബാബ എങ്ങിനെ അവ സ്വീകരിച്ചുവെന്ന് നോക്കാം.

ഒരിക്കൽ ബാന്ദ്രയിൽനിന്ന് രഘുവീർ ഭാസ്കർ പുരന്ദരെ എന്നൊരാൾ കുടുംബസമേതം ഷിർദ്ദിക്കു പുറപ്പെട്ടു. മിസ്സിസ്സ് താർക്കാഡ് അവരെ ചെന്നുകണ്ട് മിസ്സിസ്സ് പുരന്ദരെവശം രണ്ടു വഴുതിനങ്ങ കൊടുത്തു.ഒന്നു കൊണ്ടു ഭരിതും മറ്റേതുകൊണ്ട് കാചര്യയുമുണ്ടാക്കി. ബാബക്ക് കൊടുക്കാനാവശ്യപ്പെട്ടു. അവർ ഷിർദ്ദിയിലെത്തി മിസ്സിസ്സ് പുരന്ദരെഭരിതുമായി മസ്ജിദിലെത്തിയപ്പോൾ ബാബ ഉണ്ണാനിരിക്കുകയായിരുന്നു. ബാബക്ക് ഭരിത് വളരെ ഇഷ്ടപ്പെട്ടു. അതിൽ നിന്നെല്ലാവർക്കും കൊടുത്തതിൽ പിന്നെ കാചര്യ എവിടെ എന്നു ചോദിച്ചു. ഉടനെ ബാബ കാചര്യ ആവശ്യപ്പെടുന്നെന്ന് രാധാകൃഷ്ണമായിയെ അറിയിച്ചു. അപ്പോൾ വഴുതിനങ്ങ കിട്ടുന്ന കാലമല്ലാത്തതിനാൽ അവർ വിഷമിച്ചു. എങ്ങിനെ വഴുതിനങ്ങ കിട്ടും എന്നായി. അന്വേഷിച്ചപ്പോൾ കാചര്യ കൊടുക്കാനും മിസ്സിസ്സ് പരുന്ദരയെ ഏൽപ്പിച്ചതായി മനസ്സിലായി. എല്ലാവരും ബാബയുടെ അന്തര്യാമിത്വം മനസ്സിലാക്കി അത്ഭുതപ്പെട്ടു.

1915-ൽ ഗോവിന്ദ ബാലറാം മങ്കാർ എന്നയാൾ അച്ഛന്റെ ശ്രാർദ്ധം ഊട്ടാൻ ഷിർദ്ദിയിലേക്കു പോകാൻ നിശ്ചയിച്ചു. പോവുന്നതിന് മുമ്പ് താർക്കാഡിനെ കാണാൻവന്നു. മിസ്സിസ്സ് താർക്കാഡ് എന്തെങ്കിലും ബാബക്കയക്കാനാശിച്ചു. ഒരിക്കൽ പൂജിച്ച ഒരു പേഢ മാത്രമെ തിരഞ്ഞുകിട്ടിയുള്ളു. ഏതായാലും ബാബ അതു ഭക്ഷിക്കുമെന്ന് നിശ്ചയിച്ച് പേഢ ബാബക്കു കൊടുക്കാൻ പറഞ്ഞ് ഗോവിന്ദിനെ ഏൽപ്പിച്ചു. ഗോവിന്ദ് ഷിർദ്ദിയിൽപോയി ബാബയെ കണ്ടെങ്കിലും പേഢ എടുക്കാൻ മറന്നു. ബാബ കാത്തിരുന്നു. ഉച്ചക്ക് വീണ്ടും അയാൾ ഒന്നും കയ്യിൽ വെക്കാതെ ദർശനത്തിനുപോയി. ബാബക്ക് കാത്തിരിക്കാനാവാതെ നേരെ ചോദിച്ചു. നീയെന്താണെനിക്ക് കൊണ്ടുവന്നിട്ടുള്ളത്. ഒന്നും ഇല്ല എന്നായിരുന്നു മറുപടി. ബാബ വീണ്ടും ചോദി

ച്ചു. അതെ മറുപടി വീണ്ടും കിട്ടി. അപ്പോൾ ബാബ ചോദിച്ചു നീ പോരുമ്പോൾ ആ അമ്മ എനിക്ക് മധുരപലഹാരം കൊടുത്തയച്ചില്ലെ? അവൻ സംഗതി ഓർമ്മിച്ച് ബാബയോട് മാപ്പുചോദിച്ചു താമസസ്ഥലത്തേക്ക് ഓടിപ്പോയി. പേഡ എടുത്തുകൊണ്ടുവന്ന് ബാബക്ക് കൊടുത്തു. കിട്ടിയ ഉടനെ ബാബ അത് വിഴുങ്ങി. ഇങ്ങിനെ മിസ്സിസ്സ് താർക്കാഡിന്റെ ഭക്തി അംഗീകരിക്കപ്പെട്ടു. എന്നെ വിശ്വസിക്കുന്നതനുസരിച്ച് ഞാൻ സ്വീകരിക്കുന്നു. ഗീത 4–11. ഈ വാചകം ഇക്കാര്യത്തിൽ തെളിയിച്ചു.

## ബാബ സുഭിക്ഷമായി ഭക്ഷിച്ചു എങ്ങിനെ?

ഒരിക്കൽ മിസ്സിസ്സ് താർക്കാഡ് ഷിർദ്ദിയിൽ ഒരു വീട്ടിൽ താമസിക്കുകയായിരുന്നു. ഉച്ചക്ക് ഭക്ഷണം തയ്യാറായി വിളമ്പുമ്പോൾ വിശന്നു വലഞ്ഞ ഒരു നായ വന്ന് നിലവിളിച്ചു. മിസ്സിസ്സ് താർക്കാഡ് എണീറ്റ ഒരു റൊട്ടി എറിഞ്ഞുകൊടുത്തത് നായ സുഖമായി ഭക്ഷിച്ചു. ഉച്ചതിരിഞ്ഞ് അവർ മസ്ജിദിൽപോയി കുറച്ചകലെ ഇരുന്നപ്പോൾ ബാബ അവരോട് പറഞ്ഞു. അമ്മെ നിങ്ങളെന്നെ മൂക്കറ്റം തീറ്റിവിട്ടു. എന്റെ പിടയുന്ന പ്രാണൻ സംതൃപ്തമായി. എപ്പോഴും ഇങ്ങനെ ചെയ്യണം. ഇത് നിങ്ങൾക്കുതന്നെ നന്മവരുത്തും.

ഈ മസ്ജിദിൽ ഇരുന്നു ഞാൻ ഒരിക്കലും കള്ളം പറയില്ല. എന്നിൽ ഇങ്ങനെ കരുണ കാണിക്കുക. ആദ്യം വിശക്കുന്നവർക്ക് കൊടുത്ത് സ്വന്തം ഭക്ഷണം കഴിക്കുക. ഇതു ശ്രദ്ധിക്കണം. അവർക്ക് ബാബ പറഞ്ഞതിന്റെ അർത്ഥം മനസ്സിലാവാതെ ഇങ്ങനെ ചോദിച്ചു. ബാബ! ഞാനെങ്ങിനെ ഭക്ഷണം തരാൻ? ഞാൻ തന്നെ മറ്റുള്ളവരെ ആശ്രയിച്ച് വിലകൊടുത്ത് ഭക്ഷണം വാങ്ങി കഴിക്കയാണല്ലോ. ബാബ ഇങ്ങിനെ മറുപടി പറഞ്ഞു. ആ നല്ല റൊട്ടി തിന്ന് എനിക്ക് തൃപ്തിയായി. ഇപ്പോഴും തേട്ടി

വരുന്നു. നീ ഊണിന് മുമ്പെ കണ്ട് തിന്നാൻ കൊടുത്ത നായ എന്നോടുകൂടിയുള്ളതാണ്. അതു പോലെ മറ്റു ജീവികളായ പൂച്ച, പന്നി, ഈച്ച, പശു മുതലായത് എല്ലാം എന്റെ അംശങ്ങളാണ്. ഞാൻ അവരുടെ വേഷത്തിലും ആകൃതിയിലും സഞ്ചരിക്കുക യാണ്. ഈ വക ജീവികളിലെല്ലാം എന്നെ കാണുന്നവർ എനിക്ക് പ്രിയപ്പെട്ടവരാണ്. ദ്വന്ദഭാവം വിട്ട് വിവേചന സ്വഭാവം കൂടാതെ നിങ്ങളിന്ന് ചെയ്തപോലെ എന്നെ സേവിക്കുക. ഈ അമൃത വാണികേട്ട് അവർ മനസ്സലിഞ്ഞ് കണ്ണീർ തൂകി തൊണ്ടയിടറി അത്യന്തം സന്തുഷ്ടരായി.

**തത്വം**

ദൈവത്തെ എല്ലാ ജീവജാലങ്ങളിലും കാണുക എന്നാണ് ഇതിലെ തത്വം. ഉപനിഷത്ത്, ഗീത, ഭാഗവതം എല്ലാം ഇതുതന്നെ പറയുന്നു. ഈ കഥയിൽനിന്നും മറ്റനവധി കഥകളിൽ നിന്നും ഉപനിഷദ് തത്വം എങ്ങിനെ നടപ്പാക്കണമെന്ന് ബാബ കാണി ച്ചുതരുന്നു. ഇങ്ങിനെ സായിബാബ ഉപനിഷദ്തത്വങ്ങളുടെ ഏറ്റവും വലിയ അദ്ധ്യാപകനായിത്തീരുന്നു.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ !